I/178594/2024

## ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

ഹാജർ: ആസിഫ് കെ യൂസഫ് IAS

ക്ഷീരവികസന വകുപ്പ്- ജീവനക്കാര്യം- 2024 ലെ പൊതുസ്ഥലം മാറ്റം ഓൺലൈൻ സംവിധാനം മുഖേന നടപ്പിലാക്കുന്നത് - സീനിയർ സൂപ്രണ്ട് തസ്തികയിലെ പൊതുസ്ഥലം മാറ്റ കരട് പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം.DDDKER/2014/2024-ES1 തിരുവനന്തപുരം,തീയതി:07-06-2024

പരാമർശം:- 1. സ.ഉ.(അ) നം. 3/2017/ഉഭപവ തീയതി: 25.02.2017

2.ഈ ഓഫീസിലെ 15.03.2024 ലെ 14/2024(എ) നമ്പർ സർക്കുലർ

( DDDKER/216/2024-A1)

### ഉത്തരവ്

ക്ഷീര വികസന വകുപ്പിലെ വിവിധ കാറ്റഗറികളിലെ ഉദ്യോഗസ്ഥരിൽ നിന്ന് 2024 ലെ പൊതുസ്ഥലം മാറ്റത്തിനായി ഓൺലൈൻ മുഖാന്തിരം അപേക്ഷ സമർപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആയത് പ്രകാരം ലഭ്യമായിട്ടുള്ള ഓൺലൈൻ അപേക്ഷകളിൽ നിന്നും സ്പാർക്ക് ജനറേറ്റ് ചെയ്ത സീനിയർ സൂപ്രണ്ട് കേഡറിലെ 2024 ലെ പൊതു സ്ഥലമാറ്റ കരട് പട്ടിക താഴെ പറയും പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

| ക്രമ നം | PEN | ഉദ്യോഗസ്ഥന്റെ പേരും തസ്തികയും നിലവിലെ കാര്യാലയവും | സ്ഥലം മാറ്റി നിയമിക്കപ്പെടുന്ന കാര്യാലയം |
|---|---|---|---|
| 1 | 367315 | ശ്രീ.നൗഷാദലി പുറ്റേൻകുന്നിന്മേൽ, സീനിയർ സൂപ്രണ്ട്,ഡയറക്ടറേറ്റ് | ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, വയനാട് |
| 2 | 353527 | ശ്രീ.വിനോദ്.വി, സീനിയർ സൂപ്രണ്ട്, കൊല്ലം | ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, എറണാകുളം |
| 3 | 357715 | ശ്രീ.ജോബ്രി ആന്റണി.കെ.ജെ, സീനിയർ സൂപ്രണ്ട്, എറണാകുളം | ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,കൊല്ലം |

I/178594/2024

മേൽ പൊതു സ്ഥലമാറ്റ കരട് പട്ടികയിന്മേലുള്ള ആക്ഷേപങ്ങൾ ബന്ധപ്പെട്ട നിയന്ത്രണാധികാരി മുഖേന 14.06.2024 **വൈകുന്നേരം 5 ന് മുമ്പായി** dairydirectorateonlinetransfer@gmail.com; cru.ddd@kerala.gov.in എന്നീ രണ്ട് ഇ - മെയിൽ വിലാസങ്ങളിൽ ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം ലഭ്യമാകുന്ന ആക്ഷേപങ്ങൾ പരിശോധിച്ച്, നിയന്ത്രണാധികാരി വ്യക്തമായ അഭിപ്രായ കുറിപ്പുകൾ രേഖപ്പെടുത്തിവേണം ഈ ഓഫീസിലേയ്ക്ക് നൽകേണ്ടത്. പരാമർശം (1) ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള പരിരക്ഷകളെ സംബന്ധിച്ച ആക്ഷേപങ്ങൾക്ക് ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ലഭ്യമാക്കേണ്ടതാണ്. നിശ്ചിത സമയപരിധിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ / ആക്ഷേപങ്ങൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

ആക്ഷേപങ്ങൾ പരിശോധിക്കേണ്ട നിയന്ത്രണാധികാരിയുടെയോ ആക്ഷേപങ്ങൾ സമർപ്പിക്കുന്ന ഉദ്യോഗസ്ഥരുടെയോ അലംഭാവം കാരണം അന്തിമ സ്ഥലമാറ്റ പട്ടികയിൽ നിന്നും ഏതെങ്കിലും ഉദ്യോഗസ്ഥർ ഒഴിവാക്കപ്പെടുകയാണെങ്കിൽ ആയത് സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും. ഇപ്രകാരം വകുപ്പിന് ലഭിക്കുന്ന ആക്ഷേപങ്ങൾ പരിശോധിച്ച് സാധുതയുള്ള ആക്ഷേപങ്ങൾ NIC/SPARK അധികൃതർക്ക് കൈമാറി, ആക്ഷേപങ്ങൾ പരിഹരിച്ച് അന്തിമ സ്ഥലം മാറ്റ പട്ടിക ചട്ട പ്രകാരം പ്രസിദ്ധീകരിക്കുന്നതാണ്. കരട് പട്ടികയിലെ സ്ഥലം മാറ്റം അന്തിമമല്ല. ഈ കരട് പട്ടിക **dairydevelopment.kerala.gov.in** എന്ന വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

ടി കരട് പട്ടിക ബന്ധപ്പെട്ട ജീവനക്കാർക്ക് നൽകിയിട്ടുണ്ട് എന്നുള്ള വിവരം സാക്ഷ്യപ്പെടുത്തി, ഉത്തരവ് കൈപ്പറ്റിയ വിവരം **10.06.2024 11 AM** ന് മുമ്പായി മേൽ നൽകിയിട്ടുള്ള ഇ - മെയിൽ വിലാസത്തിൽ അറിയിക്കേണ്ടതാണ് .

**ഡയറക്ടർ**

Signed by
Asif K Yusuf I A S
Date: 07-06-2024 12:00:30

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (മേലധികാരി മുഖേന)

പകർപ്പ്:- 1) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

2) ഡെപ്യൂട്ടി ഡയറക്ടർ,കൊല്ലം, എറണാകുളം, വയനാട്

3) ഡെപ്യൂട്ടി ഡയറക്ടർ, ഐ ടി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

4) നോട്ടീസ് ബോർഡ്